**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3805** **17-03-2025 - ൽ മറുപടിയ്ക്ക്**

**സർട്ടിഫിക്കറ്റുകൾ വീണ്ടെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ പൊതുപരീക്ഷകളിൽ യോഗ്യത നേടുകയും, എസ്.എസ്.എൽ.സി, സർവ്വകലാശാല പരീക്ഷകളുടെ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെടുകയും ചെയ്യുന്ന, രജിസ്റ്റർ നമ്പർ പോലും വീണ്ടെടുക്കാൻ ആകാതെ പോകുന്ന സാഹചര്യത്തിലുള്ളവരുടെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് സമയബന്ധിതമായി രജിസ്റ്റർ നമ്പരുകൾ കണ്ടെത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | (എ) 2001 മുതലുള്ള എസ്.എസ്.എൽ.സി യിലെ രജിസ്റ്റർ നമ്പർ പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലെ ഡേറ്റാബേസിൽ നിന്നും കണ്ടെത്തി അപേക്ഷകനെ സമയബന്ധിതമായി അറിയിക്കാറുണ്ട്. ഇപ്രകാരം ലഭിച്ച രജിസ്റ്റർ നമ്പറിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി ഡ്യൂപ്ലിക്കേറ്റിനുള്ള അപേക്ഷ സമർപ്പിക്കുന്ന മുറക്ക് പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുകയും ചെയ്യുന്നുണ്ട്.<br><br>സർവ്വകലാശാല പരീക്ഷകളുടെ സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റുകളും വീണ്ടെടുക്കാനാവാത്ത വിധം, രജിസ്റ്റർ നമ്പർ പോലും നഷ്ടപ്പെടുന്ന വിദ്യാർത്ഥികൾക്ക് രജിസ്റ്റർ നമ്പർ കണ്ടെത്തി സർട്ടിഫിക്കറ്റുകളുടേയും മാർക്ക് ലിസ്റ്റുകളുടേയും ഡ്യൂപ്ലിക്കേറ്റ് സമരയബന്ധിതമായി നൽകാനുള്ള സംവിധാനം നിലവിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് കീഴിലുള്ള സർവ്വകലാശാലകളിൽ ഉണ്ട്. |
| (ബി) | ഇതിനെ സേവന അവകാശത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കുമോ? | (ബി) | എസ്.എസ്.എൽ.സി പരീക്ഷകളുടെ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെടുന്ന സാഹചര്യത്തിൽ, ഇവർക്ക് സമയബന്ധിതമായി രജിസ്റ്റർ നമ്പരുകൾ കണ്ടെത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സേവന അവകാശത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കും.<br><br>എന്നാൽ, സർവ്വകലാശാലകളെ സംബന്ധിച്ച് വളരെ വർഷങ്ങൾക്ക് മുൻപുള്ളതും വിദ്യാർത്ഥിയെ തിരിച്ചറിയാനുള്ള പൂർണവിവരങ്ങൾ ലഭ്യമല്ലാത്തതുമായ കേസുകളിൽ ഒന്നിലധികം ടാബുലേഷൻ രജിസ്റ്ററുകളും രേഖകളും കണ്ടെത്തി പരിശോധിച്ച മാത്രമേ ഡ്യൂപ്ലിക്കേറ്റ് നല്കാനാവുകയുള്ളൂ എന്നതിനാൽ സേവനാവകാശ നിയമത്തിന്റെ |

| | | | |
|---|---|---|---|
| | | | പരിധിയിൽ ഉൾപ്പെടുത്തി നിശ്ചിത സമയപരിധി നിശ്ചയിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്. എന്നിരുന്നാലും സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ